FIRST YEAR HIGHER SECONDARY EXAMINATION, MARCH 2023

Part – II

Time : 2 ½ Hours

Cool-off time : 15 Minutes

# മലയാളം

## (MALAYALAM)

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ടു ഉത്തരം വിതം തെരഞ്ഞെടുത്തെഴുതുക. 2 സ്കോർ വിതം. (5 × 2 = 10)

1. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സന്ദർശനം' എന്ന് കവിതയിൽ "മിഴികളിൽ നഷ്ടപ്പെടുക" എന്ന പ്രയോഗം കൊണ്ട് കവി അർഥമാക്കുന്ന രണ്ടു ആശയങ്ങൾ കണ്ടെത്തുക.
   - പരസ്പരം കണ്ണുകളിൽ നോക്കിയിരിക്കുമ്പോൾ പ്രണയികൾ അവരുടെ വേദനകൾ മറന്നു പോകുന്നു.
   - സന്ധ്യയായതുകൊണ്ട് ഒന്നും കാണാൻ കഴിയുന്നില്ല.
   - വാക്കുകൾ കൊണ്ട് വിവരിക്കാനാകാത്ത ആന്തരിക ഭാവം പരസ്പരം ഉൾക്കൊള്ളുന്നു.
   - പ്രണയികളുടെ കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു.

2. "ഓർമയുടെ ഞരമ്പ്" എന്ന കഥയിൽ സ്വാതന്ത്ര്യസമര ചരിത്രവുമായി ബന്ധപ്പെട്ട കടന്നുവരുന്ന രണ്ടു പരാമർശങ്ങൾ കണ്ടെത്തുക.

- പെണ്ണായാൽ ചോറും കറീം വെക്കണം, പെറണം
- ആദ്യത്തെ കഥ എഴുതുന്ന കാലത്ത് ഭർത്താവ് ജയിലിലായിരുന്നു.
- ഇവിടുത്തെയാളുടെ ഇഷ്ടം പോലാവട്ടെ, എന്തിനാ വെറുതെ ഒരു കലശൽ.
- വള്ളത്തോൾ വന്ന ഒരു സമ്മേളനമുണ്ടായിരുന്നു, സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പ്.

3. 'കായലരികത്ത് ' എന്ന സിനിമാഗാനത്തിലെ നാടൻ പ്രയോഗത്തിന് രണ്ടു ഉദാഹരണങ്ങൾ എടുത്തെഴുതുക.

- കുറിയെടുക്കുമ്പോൾ നറുക്കിനു ചേർക്കാനുള്ള അപേക്ഷ.
- മുസ്ലീം ജിവിത പശ്ചാത്തലം
- എരിയും വെയിലത്ത് കയിലും കുത്തി നടക്കുക.
- നാടോടി ജീവിതത്തിന്റെ ഭാഗം

4. ബാബുകാമ്പ്രത്ത് സംവിധാനം ചെയ്ത 'കൈപ്പാട്' എന്ന ഡോക്യുമെന്ററി നേടിയ രണ്ടു പുരസ്കാരങ്ങൾ എഴുതുക.

- മികച്ച പരിസ്ഥിതി ചിത്രത്തിനുള്ള വസുധ പുരസ്കാരം
- 2010-ലെ ദേശീയ ടെലിവിഷൻ പുരസ്കാരം.
- 2010-ലെ സംസ്ഥാന സർക്കാരിന്റെ ടെലിവിഷൻ പുരസ്കാരം.
- വാതാവരൺ പരിസ്ഥിതി ചലച്ചിത്രോത്സവ പുരസ്കാരം

5. അമ്മയുടെ സ്നേഹവാത്സല്യങ്ങൾ ആവോളം പകർന്നു കിട്ടിയ ശ്രീകൃഷ്ണനന് ആ വൈകാരിക മുഹൂർത്തങ്ങൾ മറക്കുവാനുള്ളതല്ല. രണ്ടു സന്ദർഭങ്ങൾ ചൂണ്ടിക്കാട്ടുക.

- കാളിന്ദി തീരത്തെക്കാനനം തന്നിലെക്കായ്കനികൾ തിന്നത്.
- അമ്മ പാൽവെണ്ണ നൽകിയത്.
- കൂട്ടുകാരുമൊത്തുള്ള ലിലകളെ പ്പറ്റി യോർത്തത്.
- പിള്ളാരെ നുള്ളിയതിന് അമ്മ പീലികൊണ്ടടിച്ചത്.

6. ആറ്റൂർ രവിവർമ്മയുടെ 'സംക്രമണം' എന്ന് കവിതയിലെ സ്ത്രീയുടെ പ്രത്യേകതകളായി വരുന്ന രണ്ടു വിശേഷണങ്ങൾ എഴുതുക.

- നടന്നിട്ടും പുറപ്പെട്ടേടത്തു തന്നെ നിന്നുപോയവൾ
- ഉയർന്ന വിദ്യാഭ്യാസം ലഭിച്ചവൾ
- നെഞ്ചിൽ ചവിട്ടുകൊണ്ടിട്ടും ഉണരാത്തവൾ
- ഭരണ സ്ഥാപനങ്ങളിൽ വർധിച്ച പങ്കാളിത്തമുള്ളവൾ

**7 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** (3 × 2 = 6)

7. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന പാഠഭാഗത്ത് മരം മനുഷ്യഭാവം കൈവരിക്കുന്നുണ്ട്. രണ്ടു ഉദാഹരണങ്ങൾ കണ്ടെത്തുക.

   മാതൃക : ഇലകൾ പുനർജന്മം പ്രാപിക്കുന്നത്.

   (1)

   (2)

8. 'കൈപ്പാട് ', 'കേൾക്കുന്നുണ്ടോ' ? എന്നീ ഹ്രസ്വചിത്രങ്ങളുടെ പ്രമേയങ്ങളിലെ രണ്ടു സമാനതകൾ കണ്ടെത്തുക.

9. "അരുളില്ലാത്തവനെ മനുഷ്യനായി കരുതുവാൻ വയ്യ്." ഈ ആശയം ശ്രീനാരായണ ഗുരു വർണിക്കുന്നതെങ്ങനെ ?

10. 'പിലിക്കണ്ണുകൾ' എന്ന് പാഠഭാഗത്തിൽ ശ്രീകൃഷ്ണൻ ഓർത്തെടുക്കുന്ന കൂട്ടുകാരുമൊത്തുള്ള ബാല്യകാലാനുഭവങ്ങൾ രണ്ടെണ്ണം എഴുതുക.

**11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** (6 × 4 = 24)

11. സമൂഹത്തെ ഗുണപരമായി പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുന്നവരെയാണ് ചരിത്രം ഓർത്തു വയ്ക്കുന്നത്. 'ജോനാഥൻ' എന്ന കടൽ കാക്കയുടെ ജീവിതവുമായി ഈ ആശയത്തിനുള്ള ബന്ധം വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.

... മത്സ്യം എന്ന കവിത മുന്നോട്ടു വയ്ക്കുന്ന ആശയം. പാഠഭാഗത്തെ മുൻനിർത്തി വിശദീകരിക്കുക.

13. ജനപ്രിയ സിനിമകൾ നിർവഹിക്കുന്ന ധർമത്തെക്കുറിച്ച് ഒ.കെ. ജോണി "സിനിമയും സമൂഹവും" എന്ന ലേഖനത്തിൽ അവതരിപ്പിക്കുന്ന നിരീക്ഷണങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക.

14. "അർഥമുള്ളത് കവിതയല്ല; അർഥത്തിനപ്പുറമുള്ളതാണ് കവിത" – ഈ ആശയത്തെ എം.എൻ. വിജയൻ എപ്രകാരമാണ് അവതരിപ്പിക്കുന്നത്. ഉദാഹരണ സഹിതം വ്യക്തമാക്കുക.

15. മുഹ്‌യിദ്ദീൻ മാലയിൽ പ്രകീർത്തിക്കപ്പെടുന്ന സൂഫിശ്രേഷ്ഠനായ ശൈഖ് അബ്ദുൽ ഖാദിർ ജീലാനിയുടെ അപദാനങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

16. 'സംക്രമണം' എന്ന കവിതയിലെ സ്ത്രീയുടെ സാമൂഹികാവസ്ഥയെ വിവരിക്കാൻ കുറ്റിച്ചൂല്, നാറത്തേപ്പ്, ഞണുങ്ങിയ വക്കുള്ള കഞ്ഞിപ്പാത്രം, ഒരട്ടിമണ്ണ് എന്നീ പ്രയോഗങ്ങൾ എത്രത്തോളം സഹായക മായിട്ടുണ്ടെന്ന് വിലയിരുത്തുക.

17. 'ശസ്ത്രക്രിയ' എന്ന് കഥയിൽ അമ്മയ്ക്ക് മകനോടുള്ള വാത്സല്യം, മകന് അമ്മയോടുള്ള സ്നേഹം എന്നീ ഭാവങ്ങൾക്ക് കഥാഭാഗത്ത് നിന്ന് രണ്ടു ഉദാഹരണങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

18 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വിതം. (3 × 6 = 18)

18. കെ.ആർ. മീരയുടെ "ഓർമ്മയുടെ ഞരമ്പ് " എന്ന കഥയെ താഴെ കൊടുത്തിട്ടുള്ള സൂചനകളിൽ നിന്ന് ഏതെങ്കിലും മൂന്നെണ്ണത്തിന്റെ സഹായത്താൽ വിശകലനം ചെയ്യുക.

സൂചനകൾ :

(1) രാഷ്ട്രീയമായ സ്വാതന്ത്ര്യം

(2) സാംസ്കാരികമായ സ്വാതന്ത്ര്യം

(3) സ്ത്രീ സ്വാതന്ത്ര്യം

(4) ആവിഷ്ക്കാര സ്വാതന്ത്ര്യം

(5) വ്യക്തിയുടെ സ്വാതന്ത്ര്യം

19. റിച്ചി-ഭാര്യ-മകൻ ഇവർ തമ്മിലുള്ള പരസ്പര ബന്ധം ചിത്രീകരിച്ചിരിക്കുന്ന ഏതെങ്കിലും രണ്ടു ദൃശ്യങ്ങൾ "സൈക്കിൾ മോഷ്ടാക്കൾ" എന്ന് സിനിമയിൽ നിന്ന് കണ്ടെത്തി ആവിഷ്ക്കാരഭംഗി വിലയിരുത്തുക.

20. " 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്തിൽ പ്രധാനമായും നടക്കുന്ന സംഘർഷം വ്യക്തിമനസ്സും സമൂഹമനസ്സും തമ്മിലുള്ളതാണ്. " ഈ പ്രസ്താവനയെ കഥാസന്ദർഭങ്ങളിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി സമർത്ഥിക്കുക.

21. "വാസനാ വികൃതി"യുടെ ആഖ്യാത സവിശേഷതകളായി ചുവടെ കൊടുത്തിട്ടുള്ള സൂചനകൾക്ക് പാഠഭാഗത്തു നിന്ന് ഉദാഹരണം കണ്ടെത്തി അവതരിപ്പിക്കുക.

സൂചനകൾ :

(1) ഒരു സംഭവ വിവരണമെന്ന നിലയിലുള്ള അവതരണം.

(2) സ്വന്തം കഥപറയുന്ന നായകൻ

ചുവടെ കൊടുത്തിട്ടുള്ള കവിതാ ഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം. (3 × 2 = 6)

പൊക്കിളിൻ വള്ളി -
യടർത്തിക്കളഞ്ഞു നിൻ
പൊൽക്കരൾ ക്കൂട്ടിന്റെ -
യുള്ളിൽ വന്നപ്പൊഴേ
പോയകാലത്തിൻ -
മധുരങ്ങളിൽക്കൊതി -
യുറുന്ന ശീലം -
മറന്നു തുടങ്ങി ഞാൻ
എങ്കിലുമമ്മയൊ -
രോർമ്മയായ് ആദിമ
സംഗീതമായ് വന്നു -
മുളുന്നിടയ്ക്കിടെ
അമ്മയൊരോർമ്മ -
യിപ്പുത്തൻ പ്രകാശങ്ങൾ
ജന്മമാളും വന -
പ്രാചീന നീലയിൽ
മങ്ങിയമർന്നതാ -
മോർമ്മ, വല്ലപ്പൊഴും
നമ്മളോർത്താലു -
മില്ലെങ്കിലും കാവലായ്
പിൻപേ പറക്കും -
കുളിർമ്മ, രക്തത്തിലെ -
ച്ചൂടായി നിൽക്കുന്ന
തമ്മയും താളവും
അമ്മയുടേതാ -
മെഴുത്തുകളൊക്കെയും
അമ്മയായ്ത്തന്നെ -
യിരിക്കട്ടെയെപ്പൊഴും

(വി. മധുസൂദനൻ നായർ)

22. എപ്പോൾ മുതലാണ് "പോയകാലത്തിൻ മധുരങ്ങളിൽ കൊതിയൂറുന്ന ശീലം" മറന്നു തുടങ്ങിയത് ?

23. വല്ലപ്പോഴും ഓർത്താലുമില്ലെങ്കിലും അമ്മയെക്കുറിച്ചുള്ള ഓർമ്മക്ക് എന്തു സംഭവിക്കുന്നു ?

24. "ആദിമ സംഗീതമായ് വന്നു മുളുന്നിടയ്ക്കിടെ" എന്തിനെക്കുറിച്ചാണിവിടെ പറഞ്ഞിരിക്കുന്നത് ?

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം.** (2 × 8 = 16)

25. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'സന്ദർശനം' എന്ന കവിതയും 'കായലരികത്ത് ' എന്ന് സിനിമാ ഗാനവും താരതമ്യം ചെയ്ത് രണ്ടു രചനകളിലെയും പ്രണയഭാവത്തെ സൂചനകളുപയോഗിച്ച് വിലയിരുത്തുക.
**സൂചനകൾ :**

- തീവ്ര പ്രണയം / നാടൻ മട്ടിലുള്ള തുറന്നു പറച്ചിൽ
- വേർ പിരിയലിന്റെ വേദന / നർമം
- കാവ്യാത്മകമായ ബിംബങ്ങൾ / നാടൻ പ്രയോഗങ്ങളും ശൈലികളും.

26. "എന്തിനു മർത്ത്യായുസ്സിൽ സാരമായതു ചില" –
മുന്തിയ സന്ദർഭങ്ങൾ – അല്ല, മാത്രകൾ മാത്രം – (ഊഞ്ഞാൽ) വൈലോപ്പിള്ളി പറയുന്ന മനുഷ്യായുസ്സിലെ ചില മുന്തിയ സന്ദർഭങ്ങൾ തന്നെയാണോ ബഷീർ പറയുന്ന 'അനർഘ നിമിഷവും' ? രണ്ടു പാഠഭാഗവും വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

27. "കാടിന്റെ നിഗൂഢത മനുഷ്യനിൽ സൃഷ്ടിക്കുന്നത് ഭയത്തിലുപരി വല്ലാത്തൊരു ആകർഷണമാണ്." എൻ.എ. നസീറിന്റെ 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന് ലേഖനത്തിന്റെ വെളിച്ചത്തിൽ ചുവടെ കൊടുത്തിട്ടുള്ള സൂചനകളുടെ സഹായത്തോടെ സുഹൃത്തിനൊരു കത്ത് തയ്യാറാക്കുക.
**സൂചനകൾ :**

(1) കാടിന്റെ വന്യത (നിഗൂഢത)
(2) വന്യമൃഗങ്ങൾ
(3) മറ്റു ജീവജാലങ്ങൾ
(4) സ്വച്ഛത
(5) കാടിന്റെ സൗന്ദര്യം